മിസ്റ്റർ പി. നാരായണമേനോൻ : ഈ സംഘടനകൾ ഒരു സംഘമെന്ന നിലയിൽ ഔദ്യോഗികമായി വല്ല അനീതിയും പ്രവർത്തിച്ചിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അങ്ങിനെ വളരെ കാലം അനീതി പ്രവർത്തിച്ചതു കൊണ്ടാണ്. നിയമവിരുദ്ധമാക്കേണ്ടി വന്നതു.

മിസ്റ്റർ പി. നാരായണമേനോൻ : ബാലസംഘം ഔദ്യോഗികമായി എന്തെങ്കിലും നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അതു പറയണമെങ്കിൽ നോട്ടീസു് വേണം.

മിസ്റ്റർ പി. നാരായണമേനോൻ : ഒരു വ്യക്തി കുറ്റം ചെയ്യുമ്പോൾ അതിനു ഒരു സംഘത്തെ ശിക്ഷിക്കാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഇതിനെപ്പറ്റി കൃത്യമായി പറയണമെങ്കിൽ നോട്ടീസ് വേണം. രണ്ടുകൊല്ലം മുൻപു് കഴിഞ്ഞ ഒരു സംഗതിയാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : എല്ലാ സംഘങ്ങളിലുംകൂടി എത്ര ആളുകളുണ്ടെന്നു പറയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : നോട്ടീസ്സു് വേണം.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether the Government be in a position to enlighten this House as to the aims and objects of the second body, that is, the Mahila Samajam?

Mr. B. V. K. Menon *(Chief Secretary to Government):* I want notice.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Will Government be pleased to lift the ban and watch the result?

Mr. B. V. K. Menon *(Chief Secretary to Government):* Government are not convinced that it would be proper to lift the ban and just see how things will take place when their present information is that it is not safe to lift the ban.

ANCHAL OFFICE—NEMMARA

207. Mr. K. Natarajan Chettiar *(Nemmara):* Will Government be pleased to state.—

(*a*) what is the distance from the main road to the Anchal Office, Nemmara;

(*b*) was there any petition from the public of Nemmara requesting to shift the existing Anchal Office to some place along the main road?

Mr. K. S. Raghavan *(Secretary to Government):*

(*a*) About 4 furlongs.

(*b*) No records are forthcoming to show that the public of Nemmara had requested to shift the existing office to some place along the main road.

മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ : ഈ അഞ്ചലാഫീസ്സിലേക്കു് വല്ല പബ്ലിക്ക് റോഡുമുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : കുറെ സ്ഥലംവരെ പബ്ലിക്ക റോഡുണ്ടു്. പിന്നെ ഇടവഴിയാണു്.

മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ : അതുകൊണ്ടു് അസൌകര്യമുണ്ടെന്നു് ഗവൺമെണ്ടിനറിയാമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : വലിയ അസൌകര്യമൊന്നുമില്ല.

മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ : ഈ അഞ്ചൽ ആഫീസ്സു് മെയിൻ റോഡിലേക്കു കൊണ്ടുവരാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ : ആലോചിക്കാം.

LABOUR STRIKE IN THE STATE

208. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to state.—

has there been any labour strike in the State since the termination of war; if so, when and in which factory?

LIBRARY ARCHIVES Kerala Legislative Assembly